13511
18/12/14

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - പൂജപ്പുര ഗവൺമെന്റ് വികലാംഗ വനിതാ സദനം ഫർണ്ണിച്ചർ വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.725/2014/സാനീവ തിരുവനന്തപുരം, തീയതി 06.12.2014.

=====================================================================================

പരാമർശം : 1.സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 15.11.2014 ലെ എച്ച് 3- 28400/14 നമ്പർ കത്ത്.

2. 18.11.2014 ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിനു കീഴിൽ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന വികലാംഗ വനിതാ സദനത്തിലെ അന്തേവാസികൾക്ക് ഉപയോഗത്തിനാവശ്യമായ ഫർണ്ണിച്ചർ അപര്യാപ്തമായതിനാൽ 2,83,914/- രൂപ ചെലവഴിച്ച് ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചു. ഇത് 18.11.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പൂജപ്പുരയിൽ പ്രവർത്തിക്കുന്ന വികലാംഗ വനിതാ സദനത്തിലെ അന്തേവാസികളുടെ ഉപയോഗത്തിനായി സിഡ്കോ സമർപ്പിച്ച ഇൻവോയ്സ് പ്രകാരം ഫർണ്ണിച്ചറുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയും ആയതിലേയ്ക്കായി 2,83,914/- രൂപ (രണ്ടു ലക്ഷത്തി എൺപത്തിമൂവായിരത്തി തൊള്ളായിരത്തി പതിനാല് രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

3. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2235-60-200- 83(പി) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. കെ.എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സൂപ്രണ്ട്, വികലാംഗ വനിതാ സദനം, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിന് )
കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ